പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1527 02/07/2015-ൽ മറുപടിയ്ക്ക്

## നാളികേര ഉൽപാദനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ<br>,, മുല്ലക്കര രത്നാകരൻ<br>,, വി.ശശി<br>,, കെ.രാജു | | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) നാളികേര വികസന ബോർഡ് 2014-15 ൽ നടത്തിയ സർവ്വേയിൽ സംസ്ഥാനത്ത് നാളികേര ഉൽപാദനം കറയുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ മുൻകാലങ്ങളെ അപേക്ഷിച്ച് എത്ര ശതമാനം കുറവാണ് ഉണ്ടായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | ഉണ്ട്.<br>നാളികേര വികസന ബോർഡിന്റെ റിപ്പോർട്ട് പ്രകാരം 17.48 ശതമാനം കുറവാണ് ഉണ്ടായിരുന്നത്. |
| ബി) സംസ്ഥാനത്ത് നാളികേര ഉൽപാദനക്ഷമത ഒരു ഹെക്ടറിന് എത്രയാണ് ; | ബി) | 2013-14-ലെ കണക്ക പ്രകാരം നാളികേരത്തിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് 7322 എണ്ണമാണ്. 2014-15-ലെ കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല. |
| സി) തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കേര കർഷകരെ സംരക്ഷിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ? | സി) | ഉണ്ട്.<br>1. ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളീകേര വികസനത്തിനായി കേരഗ്രാമം എന്ന പദ്ധതി 2014-15 വർഷം കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ നടപ്പിലാക്കിയിരുന്നു. നിയോജക മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിയത്. അതേ പഞ്ചായത്തുകളിൽ 2015-16 വർഷവും പദ്ധതി തുടർന്ന് 2-ാം വർഷവും നടപ്പിലാക്കുന്നു.<br>സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളീകേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തടം തുറക്കൽ, തൊണ്ട് അടുക്കൽ, കുമ്മായം, മഗ്നീഷ്യം സൾഫേറ്റ്, ജൈവ |

രാസവളങ്ങൾ, ജീവാണു വളം സസ്യ സംരക്ഷണ വസ്തുക്കൾ ഇവ നല്കുക, ഇടവിള കൃഷി, രോഗബാധിതമായി ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടി മാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നിവകൾക്കായി ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ ഒരു യൂണിറ്റിന് 125 ലക്ഷം രൂപ ധനസഹായം നല്കുന്നതാണ്. കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2000/- രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രാമത്തിന് 100 എണ്ണം വരെ എന്ന ക്രമത്തിൽ 2 ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിൽ 20 ഹെക്ടറിലേക്കായി 5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതാണ്. ഒരു കേരഗ്രമത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിനായി 50,000/- രൂപയുടെ സഹായം ലഭ്യമാക്കുന്നതാണ്. ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി ഒരു കേരഗ്രാമത്തിന് 10 കമ്പോസ്റ്റ് യൂണിറ്റുകൾ വീതം യൂണിറ്റൊന്നിന് 10,000/- രൂപ നിരക്കിൽ പരമാവധി ഒരു ലക്ഷം രൂപ നല്കുന്നതാണ്.

പദ്ധതി പ്രവർത്തന ചിലവുകൾക്കായി ഒരു കേരഗ്രാമത്തിന് 10,000/- രൂപ പ്രകാരം 26 കേര ഗ്രാമങ്ങൾക്ക് 2.6 ലക്ഷവും, പഞ്ചായത്ത് തല കേരസൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി കേരഗ്രാമം ഒന്നിന് 10 ലക്ഷം രൂപ എന്ന നിരക്കിൽ ആകെ 26 കേരഗ്രാമങ്ങൾക്കായി 260 ലക്ഷം രൂപയും ധനസഹായം നല്കി പദ്ധതി നടപ്പിലാക്കി വരുന്നു.

2. നാളികേര വികസന ബോർഡിന്റെ സഹായത്തോടു കൂടി നടപ്പിലാക്കുന്ന "ഇടുക്കി പാക്കേജ്" പദ്ധതി പ്രകാരം സംയോജിത തെങ്ങു കൃഷി വികസന പദ്ധതി ഇടുക്കി ജില്ലയിൽ 2-ാം വർഷം നടപ്പിലാക്കുന്നതിന് ഹെക്ടറൊന്നിന് 7500/- രൂപ നിരക്കിൽ 805 ഹെക്ടറിന് 60.375 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ